## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 803

04.03.2020-ൽ മറുപടിയ്ക്ക്.

## കന്നുകാലി പരിപാലന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സജി ചെറിയാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിൽ സംസ്ഥാനം നേരിടുന്ന കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ കന്നുകാലി വളർത്തലിന് നൽകുന്ന പരിഗണനയും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങളുടെ ഭാഗമായിട്ടാണ് പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുള്ളത്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണികളും മറ്റ് ജല സ്രോതസ്സുകളും നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതികൾക്ക് കൂടുതൽ പരിഗണന നൽകുന്നതാണ്. ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ മിശ്രിതത്തിന്റെ അളവ് പരമാവധി കുറച്ചും തീറ്റപ്പുല്ലിന്റെയും പ്രാദേശികമായി ലഭ്യമാകുന്ന കാലിത്തീറ്റ വിളകളുടേയും പാരമ്പര്യേതര കാലിത്തീറ്റയുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്തി വരുന്നു. കർഷകർക്ക് നേരിട്ട് ലഭിക്കുന്ന വ്യക്തിഗത സഹായങ്ങളായ കറവ പശുക്കൾ, കിടാരികൾ, കറവയന്ത്രം എന്നിവ വാങ്ങുന്നതിനുള്ള സഹായം, കാലിതൊഴുത്ത് നിർമ്മിക്കുന്നതിനും, ക്ഷീരകർഷകർക്കു അവശ്യാധിഷ്ഠിത പദ്ധതിയുടെ സഹായം, തീറ്റപുൽകൃഷി ചെയ്യുന്നതിനുള്ള സഹായം, കാലിത്തീറ്റ സബ്സിഡി തുടങ്ങിയവ പരമാവധി കർഷകർക്ക് പ്രയോജകരമാകുന്ന രീതിയിലാണ് നടപ്പാക്കുന്നത്. |
| (ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർഷകരെ നേരിട്ട് സമീപിച്ച് കന്നുകാലി വളർത്തലിനു വേണ്ട ഉപദേശങ്ങളും അവയ്ക്കാവശ്യമായ ചികിത്സയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ കർഷക ഭവന സന്ദർശനം നടത്തി ഉപദേശങ്ങൾ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന ചികിത്സാ സേവനവും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**